## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3581 — 30-01-2014-ൽ മറുപടിക്ക്.

### കള്ളുചെത്ത് വ്യവസായ പ്രതിസന്ധി

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. പി. തിലോത്തമൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| എ) കള്ളുചെത്ത് വ്യവസായത്തിനുണ്ടായിരിക്കുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയിരത്തിൽപ്പരം ഷാപ്പുകൾ കേരളത്തിൽ അടഞ്ഞുകിടക്കുകയാണെന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ; കള്ളുചെത്ത് വ്യവസായത്തിനുണ്ടായ പ്രതിസന്ധിയിലൂടെ എത്ര പേർക്ക് തൊഴിലില്ലാതെയായി എന്നു വ്യക്തമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അനുയോജ്യമായ കെട്ടിടം കിട്ടാത്തതിനാലും, കള്ളിൽ മായം ചേർത്തതിന്റെ പേരിൽ ലൈസൻസികൾക്കെതിരെ കേസെടുത്തതിന്റെ അടിസ്ഥാനത്തിലും, 2013-14 വർഷത്തേയ്ക്ക് ലൈസൻസ് കാലാവധി നീട്ടിവാങ്ങാത്തതിന്റെ പേരിലുമാണ് കള്ളുഷാപ്പുകൾ അടഞ്ഞുകിടക്കുന്നത്. അടഞ്ഞുകിടക്കുന്ന കള്ളുഷാപ്പുകളിലെ തൊഴിലാളികളെ മറ്റു ഷാപ്പുകളിലേയ്ക്ക് പുനർവിന്യസിച്ചെങ്കിലും സംസ്ഥാനത്താകെ 3458 കള്ളുചെത്തു തൊഴിലാളികൾ തൊഴിലില്ലാത്തവരായി ഇപ്പോഴും അവശേഷിക്കുന്നുണ്ട്. അടഞ്ഞു കിടക്കുന്ന 993 കള്ളുഷാപ്പുകൾ വീണ്ടും സെയിൽ ചെയ്യുന്നതിനുള്ള നോട്ടിഫിക്കേഷൻ ഉടൻ പുറപ്പെടുവിക്കും. |
| ബി) കള്ളുചെത്ത് വ്യവസായത്തെയും ആ മേഖലയിലെ തൊഴിലാളികളെയും രക്ഷിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) പരമ്പരാഗത, തൊഴിലധിഷ്ഠിത വ്യവസായമെന്ന നിലയിൽ, കള്ളുവ്യവസായത്തെയും, ഇതുമായി ബന്ധപ്പെട്ട് പണിയെടുക്കുന്ന തൊഴിലാളികളെയും സംരക്ഷിക്കുക എന്നതാണ് സർക്കാരിന്റെ നയം. |

സെക്ഷൻ ആഫീസർ